ശ്രീ. കെ. കൊച്ചുകുട്ടൻ : ലാഡ്ജുകളിൽ താമസിക്കുന്നവർ വാടകയും ലൈറ്റിനുള്ള ചെലവും സ്വന്തമായി വഹിക്കണമോ ?

ശ്രീ. പി. കെ. ചാത്തൻ : ഇപ്പോൾ വളരെ വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട് . ഇതിനുമുമ്പ് അങ്ങനെ ഒരു നില വന്നപ്പോൾ കൂട്ടികളെ ബുദ്ധിമുട്ടിപ്പിക്കാതെ ആ തുകകൂടി ഗവണ്മെന്റുതന്നെ കൊടുക്കുകയാണുണ്ടായത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ കൊല്ലം തൃശ്ശൂർ ലാഡ്ജിൽ താമസിച്ചിരുന്ന കുട്ടികൾ വാടകയും ലൈറ്റിംഗ് ചാർജ്ജും കൊടുക്കണമെന്ന് നിർദ്ദേശം നൽകിയതിന്റെ ഫലമായി സ്കൂൾവർഷത്തിന്റെ അവസാനത്തിൽ രണ്ടു മാസത്തെ സ്റ്റൈപ്പെൻഡ് അനുവദിക്കാതെ കുട്ടികൾ വളരെ ക്ലേശിക്കാൻ ഇടയായതായി അറിവില്ലേ ?

ശ്രീ. പി. കെ. ചാത്തൻ : കഴിഞ്ഞ വർഷത്തെ തുകകൂടി ഗവണ്മെന്റിൽ നിന്നു തന്നെ കൊടുത്തിട്ടുണ്ട്.

SHORT NOTICE QUESTION.

അറബി അദ്ധ്യാപകരുടെ പ്രമോഷൻ.

* 1445. [10] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസ് നിയമപ്രകാരം പ്രവർത്തിച്ചിരുന്ന ചില അറബി അദ്ധ്യാപകരെ സീനിയാറിറ്റി പരിഗണിച്ച് ഈ ഗവണ്മെന്റ് പ്രമോഷൻ നൽകി 80-165 സ്കെയിലിൽ നിയമിച്ചിരുന്നുവോ ;

(ബി) ഇതിനെതിരായി അസിസ്റ്റന്റ് അക്കൗണ്ടന്റ് ഓഫീസർ കല്പന പുറപ്പെടുവിച്ചതായും വാങ്ങിയ കൂടുതൽ ശമ്പളം മടക്കി അടയ്ക്കാൻ കല്പിച്ചതായും അറിയുമോ ;

(സി) 1-11-1956-നുമുമ്പ് സർവ്വീസിലുള്ള അറബി അദ്ധ്യാപകരെ നിർദ്ദിഷ്ടമായ ഭാഷാദ്ധ്യാപക ടെയിനിംഗിൽനിന്നും ഒഴിവാക്കുവാൻ നടപടി എടുക്കുമോ ;

(ഡി) 10 കൊല്ലം ടീച്ചിംഗ് സർവ്വീസിലുള്ളവരെയും അഫ്സലുൽ ഉലമ പാസ്സായവരെയും സ്ഥിരപ്പെടുത്തിയവരെയും ഭാഷാദ്ധ്യാപക ടെയിനിംഗിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഡിപ്പാർട്ടുമെന്റിൽനിന്നും പ്രമോഷൻനൽകുകയുണ്ടായി. എന്നാൽ നിശ്ചിത ടെയിനിംഗ് യോഗ്യതയുള്ളവർക്ക മാത്രമേ നിയമപ്രകാരം 80-165 സ്കെയിലിനു അർഹതയുള്ളൂ. ടെയിനിംഗ് യോഗ്യതയില്ലാത്തവർക്ക് 65 രൂപയേ കിട്ടുകയുള്ളൂ.

(ബി) ടെയിനിംഗ് ഇല്ല. അവർക്ക 80-165 വച്ച് വാങ്ങിയതു ക്രമവിരുദ്ധമായതിനാൽ കംപ്ട്രോളർ അബ്ജക്ഷൻ കൊണ്ടുവരികയും കൂടുതൽ വാങ്ങിയ തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

(സി) അപ്രകാരം ഒരു നടപടി ആവശ്യമാണെന്നു ഗവണ്മെന്റു കരുതുന്നില്ല.

(ഡി) ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇവരെല്ലാം തന്നെ മദ്രാസ് ഗവണ്മെന്റിന്റെ കീഴിൽ ടെയിനിംഗ് ഇല്ലാതെ ഒരു പ്രത്യേക പരീക്ഷായോഗ്യത നേടീട്ടുള്ളവരാണെന്നും അവർ സ്ഥിരമായി ജോലിയിൽ പ്രവർത്തിച്ചവരാണെന്നും ഉള്ള വസ്തുത പരിഗണിച്ച് അവരിൽനിന്നും മടക്കി അടയ്ക്കാനുള്ള സംഖ്യ ഇളവാക്കണമെന്നു ദയവായി ഒരു കൽപ്പന പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : റൂൾ അനുസരിച്ച് അങ്ങനെ മയവു കാണിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അവരെ പ്രൊമോട്ടുചെയ്തതിൽനിന്നും റിവർട്ടുചെയ്യാൻ വല്ല ഓർഡറും അയച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

Presentation of Report.

Shri T. C. Narayanan Nambiar : Sir, I present the Thirteenth Report of the Estimates Committee (1959-60) on the action taken by the Government on the recommendations contained in the Fourth Report of the Committee on State Aided Industrial Undertakings.

9 A. M.

(1957-58)

Point of Order.

Placing of copies of Answers to Questions in the Library.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, സാധാരണയായി ചോദ്യം ചോദിക്കുമ്പോൾ നൽകുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ വയ്ക്കുന്ന പതിവുണ്ട്. എന്നാൽ ചില ചോദ്യങ്ങൾക്ക് അവിടെ ഉത്തരം വച്ചുകാണുന്നില്ല. ഇന്നലെ 16-ാം നമ്പർ ചോദ്യത്തിന് ധനകാര്യമന്ത്രി ഉത്തരം പറയുകയുണ്ടായി. ആ ഉത്തരം ഞാൻ ലൈബ്രറിയിൽചെന്ന് അന്വേഷിച്ചു. പത്തുമിനിട്ടിനു മുമ്പും അന്വേഷിക്കുകയുണ്ടായി. ഇതുവരെ ഉത്തരം അവിടെ വച്ചിട്ടില്ല. ഈ പതിവ് അവസാനിപ്പിക്കണമെന്നും എനിക്ക് അപേക്ഷയുണ്ട്. ഇവിടെ പറയുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ വയ്ക്കുവാൻ അങ്ങ് ദയവുചെയ്ത് ഏർപ്പാടു ചെയ്താൽ കൊള്ളാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ശരിയാണ്. ചിലപ്പോൾ ഇവിടെ പറയുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ കൊണ്ടുവയ്ക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട സഭാനേതാവ് അക്കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കണമെന്നു പറയേണ്ടിയിരിക്കുന്നു. സഭാതലത്തിൽ പറയുന്ന ഉത്തരത്തിന്റെ ഒരു പകർപ്പ് ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽ ഏൽപ്പിക്കേണ്ടതുണ്ട്. ചിലപ്പോൾ അങ്ങനെ ചെയ്യുകാണുന്നില്ല. ഉത്തരം പറഞ്ഞ ഉടൻതന്നെ ഫയൽ സെക്ഷനിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നതു്. അതുകൊണ്ടാണ് ഈ തകരാറുകൾ സംഭവിക്കുന്നതു്. മേലാൽ അതിന്റെ ഒരു കോപ്പി ഉത്തരം പറയുന്നതോടൊപ്പം ഈ ആഫീസിൽ ഏല്പിക്കുന്നപക്ഷം ലൈബ്രറിയിൽ വയ്ക്കാൻ ഏർപ്പാടുചെയ്യാം.

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) : ഇവിടെ പറയുന്ന ഉത്തരങ്ങളുടെ ഓരോ പ്രതി ലൈബ്രറിയിൽ വയ്ക്കുന്നതിനു കൂടി അയക്കുന്ന പതിവുണ്ട്. അങ്ങനെ അയയ്ക്കുന്നുണ്ടെന്നാണ് ഗവണ്മെന്റിന്റെ ധാരണ. ചിലപ്പോൾ അയക്കാറില്ലെന്നുള്ള വിവരം ഇതുവരെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. മേലാൽ തീർച്ചയായും അങ്ങനെ വരാതിരിക്കാൻ ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly